I/41712/2024

**11-01-2024-ൽ 2.30 PM-ന് നടന്ന റവന്യൂ അവലോകന യോഗ മിനുട്സ്**

യോഗം 2.30 PM-ന് ആരംഭിച്ചു. ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ എല്ലാവരെയും യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു. നവംബർ മാസത്തെ വാട്ടർ ചാർജ് ഡിമാൻഡും തുടർന്ന് ഡിസംബർ മാസത്തെ കളക്ഷനും വളരെ കുറവാണെന്നും, കളക്ഷൻ വർദ്ധിപ്പിക്കുവാനായി എല്ലാ റവന്യു ഓഫീസർമാരും ഊർജിതമായി പരിശ്രമിക്കണമെന്നും ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ ആമുഖമായി അറിയിച്ചു.

വിവിധ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഡിവിഷൻ തലത്തിൽ നവംബർ , ഡിസംബർ മാസങ്ങളിലെ പ്രവർത്തന പുരോഗതി വിലയിരുത്തി.

1. **ഡിസ്കണക്ഷൻ:** വാട്ടർ ചാർജ് കുടിശ്ശികയുള്ള കണക്ഷനുകളിൽ ഡിസ്കണക്ഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് പിന്നിൽ നില്ക്കുന്നത് താഴെ പറയുന്ന ഡിവിഷനുകളാണ്.
   - കോഴിക്കോട്
   - കാസർഗോഡ്
   - ഷൊർണൂർ
   - പാലക്കാട്

   ടി ഡിവിഷനുകൾ ഡിസ്കണക്ഷൻ നടപടികൾ കാര്യക്ഷമമാക്കണമെന്ന് ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ നിർദേശിച്ചു. **6 മാസത്തിൽ കൂടുതൽ അഥവാ Rs. 10,000 / ൽ അധികം കുടിശിക ഉള്ള കണക്ഷനുകൾ, പ്രത്യേകിച്ച് 30 KL ൽ അധികം പ്രതിമാസം ഉപയോഗമുള്ള മുഴുവൻ കണക്ഷനുകളും ഉടൻ തന്നെ പരിശോധിച്ചു കുടിശിക ഊർജ്ജിതമായി പിരിച്ചെടുക്കേണ്ടതാണ് ഇതിനായി വിച്ഛേദന നടപടികൾ ഉൾപ്പെടെ എടുക്കാവുന്നതാണ്. (നടപടി- എക്സിക്യൂട്ടീവ് എൻജിനീയർ, റവന്യൂ ഓഫീസർ)**

2. ഡിസ്കണക്ഷൻ ടാർജറ്റ് നൽകിയതിൽ അപാകതയുണ്ടെന്നും നിലവിൽ വിച്ഛേദിച്ച കണക്ഷനുകളും ടി ടാർജറ്റിൽ ഉൾപെട്ടിട്ടുണ്ടെന്നും റവന്യൂ ഓഫീസർ പി. എച്ച്. ഡിവിഷൻ തിരുവനന്തപുരം സൗത്ത് അറിയിച്ചു. പ്രസ്തുത വിഷയം പരിശോധിക്കാമെന്നും വേണ്ട നടപടി സ്വീകരിക്കാമെന്നും അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി ഉറപ്പു നൽകി.

3. **മൊബൈൽ നമ്പർ അപ്ഡേഷൻ:** ഇനിയും 100% പൂർത്തിയാക്കാത്ത ഡിവിഷനുകൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. നെയ്യാറ്റിൻകര ഡിവിഷനിൽ അപ്ഡേറ്റ് ചെയ്യാത്ത 2000-ത്തോളം കണക്ഷനുകൾ ഉണ്ട്, ഇതിൽ കൂടുതലും അൺ-ഐഡന്റിഫൈഡ് ആണെന്ന് റെവന്യൂ ഓഫീസർ അറിയിച്ചു. മൊബൈൽ നമ്പർ അപ്ഡേഷനിൽ ഏറ്റവും പിന്നിലുള്ള ഡിവിഷനുകൾ താഴെ പറയുന്നവയാണ്
   - നെയ്യാറ്റിൻകര
   - തിരുവനന്തപുരം നോർത്ത്
   - തിരുവല്ല
   - (നടപടി- റെവന്യൂ ഓഫീസർ , Asst Engineers)

4. **ഫോൾട്ടി മീറ്റർ സ്റ്റാറ്റസ്:** കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിൽ ഏറ്റവും പിന്നിലുള്ള ഡിവിഷനുകൾ താഴെ പറയുന്നവയാണ്.എല്ലാ ഡിവിഷനുകളും ഊർജ്ജിത നടപടി സ്വീകരിച്ചു ഒരു മാസത്തിനുള്ളിൽ മുഴുവൻ മീറ്ററുകളും പ്രവർത്തന യോഗ്യമാക്കേണ്ടതാണ്.
   - കോട്ടയം
   - തിരുവല്ല
   - കോഴിക്കോട്
   - (നടപടി- റ വന്യൂ ഓഫീസർ , Asst Engineers)

5. **റീഡിങ് പോസ്റ്റിങ്ങ്:** 100% റീഡിങ് എടുക്കുന്നുണ്ടെന്ന് റവന്യൂ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്. റീഡിങ് പോസ്റ്റിംഗിൽ ഏറ്റവും പിന്നിലുള്ള ഡിവിഷനുകൾ താഴെ പറയുന്നവയാണ്.
   - കാസർഗോഡ്
   - നെയ്യാറ്റിൻകര

I/41712/2024

- പി.എച്ച്.കൊച്ചി
- (നടപടി- റവന്യൂ ഓഫീസർ,സെക്ഷൻ ഹെഡ് ക്ലാർക്ക് )

6. **റവന്യൂ റിക്കവറി നടപടികൾ** : വാട്ടർ ചാർജ് കുടിശിക കാരണം വിച്ഛേദിച്ച കണക്ഷനുകളിൽ 7 ദിവസത്തിനകം തുക അടച്ചില്ലെങ്കിൽ പ്രി ആർ.ആർ. നോട്ടീസ് നൽകുകയും ഒരു മാസത്തിനകം തീർപ്പാക്കിയില്ലെങ്കിൽ ആർ.ആർ. പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യേണ്ടതാണ്. വീഴ്ച വരുത്തിയാൽ ടി തുകകൾ ബന്ധപ്പെട്ട അസി.എക്സ്.എൻജിനീയറുടെ പേർസണൽ ലയബിലിറ്റി ആയി പരിഗണിക്കും .(Circular No -5585 /AO /RMC/2021 KWA- DT. 03/05/2023. SL NO-11) ടി വിവരം റവന്യൂ ഓഫീസർ മാർ എല്ലാ ഉദ്യോഗസ്ഥ രേയും രേഖാമൂലം ഉടൻ തന്നെ അറിയിക്കുക .

   (നടപടി- റവന്യൂ ഓഫീസർ, Asst. Executive Engoineers )

7. **JJM കണക്ഷൻ-റൂട്ടിൽ** : JJM കണക്ഷനുകൾ റൂട്ടിലാക്കുന്നതിൽ പിന്നിലുള്ള ഡിവിഷനുകൾ താഴെ പറയുന്നവയാണ്.
   - ആലപ്പുഴ
   - നെയ്യാറ്റിൻകര
   - കൊട്ടാരക്കര

   ഈ ഡിവിഷനുകൾ എത്രയും പെട്ടെന്ന് എല്ലാ കണക്ഷനുകളും റൂട്ടിൽ ആക്കി ബില്ലിംഗ് ചെയ്യേണ്ടതാണ്.JJM പ്രകാരം നൽകിയ പുതിയ കണക്ഷനുകളിൽ ചില പ്രത്യേക കമ്പനി നിർമ്മിച്ച മീറ്ററുകൾ പെട്ടെന്നു തന്നെ കേടാകുന്നതായി ചില റവന്യൂ ഓഫീസർ മാർ റിപ്പോർട്ട് ചെയ്തതു പ്രകാരം ഈ കാര്യം എല്ലാറവന്യൂ ഓഫീസർമാരും വിശദമായി പഠിച്ചു റിപ്പോർട്ട് നൽകുവാൻ ഫിനാൻസ് മാനേജർ നിർദേശം നൽകുകയുണ്ടായി

   (നടപടി- റ വന്യൂ ഓഫീസർ )

**<u>യോഗത്തിൽ കൈകൊണ്ട പ്രധാന തീരുമാനങ്ങൾ: റവന്യൂ ഓഫീസർ മാർ 31 / 01 / 2024 നകം ചെയ്തു തീർക്കേണ്ട അടിയന്തിര നടപടികൾ</u>**

1. പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് DCB-യിലും ഇ-അബാക്കസിലും വ്യത്യസ്തമായി വന്നതുകാരണം സർക്കാരിലേക്ക് ശരിയായ രീതിയിൽ റിപ്പോർട്ടുകൾ നൽകാൻ കഴിയുന്നില്ല. ആയതിനാൽ ജനുവരി മാസത്തെ DCB സമർപ്പിക്കുന്നതിന് മുൻപ് എല്ലാ റവന്യു ഓഫീസർമാരും ഈ വ്യതാസം കണ്ടുപിടിച്ചു ശരിയാക്കേണ്ടതാണെന്ന് അക്കൗണ്ട്സ് ഓഫീസർ (RMC) നിർദ്ദേശിച്ചു.ഡിവിഷനുകളിലെ എല്ലാ LSG കളുടെയും കുടിശിക ബില് തുകയുടെ ആകെ തുക തന്നെ യാകണം ആ മാസത്തെ DCB യുടെ ക്ലോസിങ് ബാലൻസ് എന്ന് റവന്യൂ ഓഫീസർ മാർ ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിൽ വീഴ്ച വരുത്തുന്ന ഓഫീസർമാർക്കെതിരെ ശക്തമായ നടപടിയുണ്ടാകുമെന്ന് ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ അറിയിച്ചു.
2. ഹെഡ് ഓഫീസ് തലത്തിൽ ഡിപ്പാർട്മെന്റുകൾക്കു കേന്ദ്രീകൃത ബില്ലുകൾ നൽകണമെന്ന് ഗവണ്മെന്റ് നിർദേശിച്ചിരുന്നു. എന്നാൽ ഇ-അബാക്കസിൽ ഡിപ്പാർട്മെന്റുകൾ ശരിയായ രീതിയിൽ മാർക്ക് ചെയ്യാത്തത് കാരണം കേന്ദ്രീകൃത ബില്ലുകൾ നല്കാൻ കഴിയുന്നില്ല. ഈ വിഷയത്തിൽ സർക്കുലറും നിരവധി ഓർമ്മകുറിപ്പുകളും നൽകിയിട്ടും പല ഡിവിഷനുകളും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നിലവിൽ ഇ-അബാക്കസിൽ "others"-എന്ന കാറ്റഗറിയിൽ 746 കണക്ഷനുകൾ ഉണ്ട്. ഇവ പൂർണമായും മാറ്റി ശരിയായ ഡിപ്പാർട്മെന്റുകൾ മാർക്ക് ചെയ്യേണ്ടതാണ്. ഡിപ്പാർട്മെന്റുകൾ ഇ-അബാക്കസിൽ മാർക്ക് ചെയ്യുന്ന പ്രവർത്തി ഒരാഴ്ചക്കുള്ളിൽ തന്നെ പൂർത്തിയാക്കണമെന്ന് അക്കൗണ്ട്സ് ഓഫീസർ (RMC) ആവശ്യപ്പെട്ടു. ഈ വിഷയത്തിൽ വീഴ്ച വരുത്തുന്ന ഓഫീസർമാർക്കെതിരെ ശക്തമായ നടപടിയുണ്ടാകുമെന്ന് ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ താക്കീതു നൽകി.
3. റവന്യു റിക്കവറിയ്ക്ക് ശുപാർശ ചെയ്ത കണക്ഷനുകൾ, വാട്ടർ അതോറിറ്റി ഓഫീസുകളിൽ തന്നെ വാട്ടർ ചാർജ് സ്വീകരിച്ചു ഒത്തുതീർപ്പാക്കരുതെന്നു ബഹു. PUC ചെയർമാൻ വാക്കാൽ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇത്തരത്തിലുള്ള കണക്ഷനുകളിൽ ഡെപ്യൂട്ടി കളക്ടറുടെ (RR)-ൻറെ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സെറ്റിൽമെന്റ് ചെയ്യാവു എന്നും അക്കൗണ്ട്സ് ഓഫീസർ (RMC) അറിയിച്ചു. വിച്ഛേദിച്ച് റവന്യു റിക്കവറിയ്ക്ക് ശുപാർശ ചെയ്ത കണക്ഷനുകൾ പിന്നീട് റീകണക്ഷൻ നൽകേണ്ടതില്ല എന്നും പുതിയ കണക്ഷനായി മാത്രം നൽകിയാൽ മതിയെന്നും അക്കൗണ്ട്സ് ഓഫീസർ (RMC) നിർദേശിച്ചു.
4. **<u>നവകേരള സദസ്സിൽ ലഭിച്ച പരാതികൾ സമയബന്ധിതമായി പരിഹരിച്ചു പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.</u>**
5. **സർക്കാരിൽ നിന്നും മന്ത്രിമാരുടെ ഓഫീസിൽ നിന്നും ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി (7**

**ദിവസത്തിനകം) പരിഹരിച്ചു തീർപ്പാക്കി മറുപടി നൽകേണ്ടതാണെന്നു അക്കൗണ്ട്സ് ഓഫീസർ (RMC) അറിയിച്ചു. വീഴ്ച വരുത്തുന്നവരെ കണ്ടെത്തി അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ നിർദേശമുണ്ട് .**

6. നിരവധി തവണ അവസരം നൽകിയിട്ടും ഇനിയും അൺ-ഐഡന്റിഫൈഡ് കണക്ഷനുകൾ നിലനിൽക്കുന്ന ഡിവിഷനുകൾ **2024 ഫെബ്രുവരി 29 -ന്** മുൻപായി എല്ലാ അൺ-ഐഡന്റിഫൈഡ് കണക്ഷനുകളും ഇ-അബാക്കസിൽ മാർക്ക് ചെയ്യുകയും ഇത് സംബന്ധിച്ച കൃത്യമായ വിവരം ശേഖരിച്ചു RMC ക്കു റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ബഹു. നിയമസഭാ PUC ചെയർമാൻ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അക്കൗണ്ട്സ് ഓഫീസർ (RMC) അറിയിച്ചു. റിപ്പോർട്ട് ചെയ്യാത്ത കണക്ഷനുകളിൽ പിന്നീട് അൺ-ഐഡന്റിഫൈഡ് കണക്ഷൻസ് നിലനിൽക്കുകയാണെങ്കിൽ അത്ഇപ്പോൾ നിലവിലുള്ള റവന്യൂ ഓഫീസറുമാരുടെയും ബന്ധപ്പെട്ട സബ് ഡിവിഷൻ, സെക്ഷൻ ഓഫീസർ മാരുടെയും വ്യക്തിഗത ബാധ്യത ആയി കണക്കാക്കുന്നതായിരിക്കും.മാർച്ച് 2024 മുതൽ റീഡിങ് ഇല്ലാത്ത മുഴുവൻ കണക്ഷനുകളുടെയും കുടിശിക ഇവരിൽ നിന്നും ഈടാക്കുവാനുള്ള നിർദേശം നൽകുന്നതാണെന്നും അക്കൗണ്ട്സ് ഓഫീസർ (RMC) അറിയിച്ചു

ഈ യോഗ തീരുമാനത്തിന്റെ പകർപ്പുകൾ എല്ലാ സർക്കിൾ, ഡിവിഷൻ, സബ്ഡിവിഷൻ, സെക്ഷൻ ഓഫീസുകൾക്കും 7 ദിവസത്തിനകം നൽകേണ്ടതാണ് എന്നു ചീഫ് എഞ്ചിനീയർ മാർ ഉറപ്പാക്കേണ്ടതാണ്

**( നടപടി- റീജിയൻ അക്കൗണ്ട്സ് ഓഫീസർ മാർക്കും ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ മാർ ക്കും)**

യോഗം 5.00 PM-ന് അവസാനിച്ചു.

SHIJITH V

FINANCE MANAGER & CHIEF ACCOUNTS OFFICER

**Copy to All Chief Engineers, Superintending Engineers, Executive Engineers, Revenue Officers, Asst. Eecutive Engineers and Asst. Engineers for follow up action and report.**

| | |
|---|---|
| Acc : | 1. Consolidated Division wise Disconnection Data<br>2. Consolidated Division wise Faulty Meter Data<br>3. Consolidated Division wise Mobile Number Updating Data<br>4. Consolidated Division wise Revenue Recovery Data<br>5. Consolidated Division wise JJM Data<br>6. Consolidated Division wise Meter Reading Posting Data<br>7. Circular dated 03-05-2023 |

Signed by
Shijith V
Date: 22-01-2024 13:03:14